(എ) ഉണ്ട്. ജനകീയാസൂത്രണത്തിന്റെ നാലാം വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ 2000 ഏപ്രിൽ മാസം 3-ാം തീയതിയിലെ എം.എസ്.17/2000/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. (കോപ്പി ഇതോടൊപ്പം വയ്ക്കുന്നു)†

(ബി) മാർഗ്ഗ നിർദ്ദേശങ്ങൾ പ്രധാനമായും ആസൂത്രണ നടപടി ക്രമങ്ങളാണ്. അവ ചുവടെ വിവരിക്കുന്നു.

(1) പദ്ധതി ഗ്രാന്റിനു പുറമെ മറ്റു സ്രോതസ്സുകളിലൂടെ വിഭവസമാഹരണം നടത്തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികൾ ഉൾപ്പെടുത്തുകയും ചെയ്യുന്നത് സംബന്ധിച്ച്.

(2) പദ്ധതി വിഹിതം മേഖലാ വിഭജനം നടത്തുന്നതിനെക്കുറിച്ച്,

(3) അനുവദിക്കാവുന്ന ഉയർന്ന സബ്സിഡി നിരക്കുകളുടെ വിശദീകരണം.

(4) വ്യക്തികൾക്കും കുടുംബങ്ങൾക്കും സബ്സിഡി നൽകി വിതരണം ചെയ്യാൻ പാടില്ലാത്ത ആനുകൂല്യങ്ങൾ.

(5) വിവിധ തലങ്ങളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി സംയോജനം.

(6) പ്രത്യേക ഘടകപദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി, വനിതാ ഘടക പദ്ധതി എന്നിവ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ.

(7) പദ്ധതി രൂപീകരണ നടപടി ക്രമങ്ങൾ

(8) പ്രാദേശിക നിരക്കുകൾ സ്വീകരിക്കുന്നതിനെക്കുറിച്ച്.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി അംഗീകരിക്കുന്നത് അവയുടെ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികൾ തന്നെയാണ്. വിദഗ്ദ്ധ സമിതികൾ അവയെ സഹായിക്കുക മാത്രമാണ് ചെയ്യുന്നത്.

(ഡി) വിദഗ്ദ്ധസമിതികളെ പിരിച്ചു വിട്ടിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് ഉദ്യോഗസ്ഥ വിന്യാസം പൂർത്തിയാക്കുന്നതു വരെ വിദഗ്ദ്ധ സമിതികളുടെ സേവനം അനിവാര്യമാണ്.

സ്വകാര്യ ആശുപത്രികളിലെ പാഴ് വസ്തുക്കളും മലിന വസ്തുക്കളും നശിപ്പിക്കുന്ന നടപടി

9 (*159) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എം. മുരളി :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജില്ലാ ആസ്ഥാനങ്ങളിൽ എത്ര വൻകിട സ്വകാര്യ ആശുപത്രികളുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര?

(ബി) ഈ ആശുപത്രികളിലെ പാഴ് വസ്തുക്കളും മലിന വസ്തുകളും നശിപ്പിക്കുന്നത് എപ്രകാരമാണ്;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിന് ഇൻസിനിറേറ്ററുകൾ ഉപയോഗിക്കുന്നുണ്ടോ? ഇപ്രകാരം പാഴ് വസ്തുക്കൾ കത്തിക്കുന്നതു രോഗസാദ്ധ്യത വർദ്ധിപ്പിക്കുന്നതായി തെളിഞ്ഞിട്ടുണ്ടോ; എങ്കിൽ ഇൻസിനിറേറ്ററുപയോഗിച്ച് മാലിന്യ വസ്തുക്കളും പാഴ് വസ്തുക്കളും കത്തിക്കുന്നത് തടയാൻ നടപടികളെടുക്കുമോ?

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ)

(എ) ഇല്ല.

(ബി) തുറസ്സായ സ്ഥലത്ത് കത്തിക്കൽ, വെറും പുകക്കുഴലുള്ള അറകളുണ്ടാക്കി അതിൽ കത്തിക്കൽ, മുനിസിപ്പൽ സൊസൈറ്റി നിർമ്മാർജ്ജനം ചെയ്യൽ തുടങ്ങിയ രീതികളിലും അപൂർവ്വം ചില ആശുപത്രികളിൽ ശരിയായി ഡിസൈൻ ചെയ്ത് ഇൻസിനിറേറ്റർ മുഖേനയും നശിപ്പിച്ചുവരുന്നു.

(സി) ജില്ല ആശുപത്രികളിൽ ഇൻസിനറേറ്ററുകൾ ഉപയോഗിച്ചു വരുന്നുണ്ട്. പാഴ് വസ്തുക്കൾ കത്തിക്കുന്നത് അർബുദം വർദ്ധിപ്പിക്കുന്നതായി പഠനങ്ങളിൽ തെളിഞ്ഞിട്ടുള്ളതായി അറിയില്ല. ഡബിൾ ചേമ്പർ ഡിസൈനുള്ളതും 1100 ഡിഗ്രി സെന്റിഗ്രേഡിൽ പ്രവർത്തിക്കുന്നതുമായ ഇൻസിനിറേറ്ററുകൾ ദോഷകരമായ വാതകങ്ങൾ പുറംതള്ളുകയില്ല. ആശുപത്രി മാലിന്യങ്ങൾ നശിപ്പിക്കുന്നതിന് ഇൻസിനറേറ്റർ ഒരു ഉപാധിയായി കേന്ദ്രസർക്കാർ ബയോമെഡിക്കൽ വേസ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാന്റിലിംഗ്) റൂൾസ് മുഖേന അനുശാസിക്കുന്നുണ്ട്.

റേഷനരിയുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടി

10 (*160) ശ്രീ. എളമരം കരീം :

ശ്രീമതി ഗിരിജാ സുരേന്ദ്രൻ :

ശ്രീ. രാജു എബ്രഹാം :

ശ്രീ. വെങ്ങാന്നൂർ പി. ഭാസ്കരൻ :

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ ഷോപ്പുകളിലൂടെ വിതരണം ചെയ്യുന്ന റേഷനരിയുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ;

(ബി) എഫ്.സി.ഐ.യിൽ നിന്നും ഗുണനിലവാരമുള്ള അരി തെരഞ്ഞെടുത്ത് വ്യാപരികൾക്ക് നൽകാൻ എന്തെങ്കിലും സംവിധാനം ഉണ്ടാക്കിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) റേഷൻ സാധനങ്ങൾക്കും കേന്ദ്ര സർക്കാർ നിശ്ചയിച്ച വിലയേക്കാൾ കുറഞ്ഞ നിരക്കിൽ സംസ്ഥാനത്ത് റേഷൻ വിതരണം നടക്കുന്നുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഏതെല്ലാം റേഷൻ സാധനങ്ങളാണ് കേന്ദ്രം നിശ്ചയിച്ചതിനേക്കാൾ കുറഞ്ഞ വിലയ്ക്ക് സംസ്ഥാനത്ത് വിതരണം നടത്തുന്നതെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly